യു.ഡി. ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികമാറ്റം വഴി ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ നിയമനം

29(2281) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ജൂലൈ മുതൽ നാളിതുവരെ എത്ര യു.ഡി. ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികമാറ്റം വഴി ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ നിയമിക്കപ്പെട്ടു ; അവരുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) തസ്തികമാറ്റം വഴി മേൽ തസ്തികയിൽ നിയമിക്കപ്പെടുവാൻ യോഗ്യത നേടിയവരുടെ അഭാവത്തിൽ ഡയറക്ട് റിക്രൂട്ട്മെന്റ് വഴി അവ നികത്തുവാൻ വകുപ്പിനെ ബാദ്ധ്യതപ്പെടുത്തുന്ന ചട്ടങ്ങളുടെ പ്രസക്ത ഭാഗം എന്താണെന്ന് വ്യക്തമാക്കുമോ ; പകർപ്പ് ലഭ്യമാക്കുമോ ;

(സി) നാളിതുവരെ പി.എസ്.സി.-യെ അറിയിച്ച ഒഴിവുകൾക്കുശേഷം 2011 ജൂലൈ 14 വരെ എത്ര ഒഴിവുകൾ മേൽ തസ്തികയിൽ നിലവിലുള്ള വ്യവസ്ഥപ്രകാരം പി.എസ്.സി.-യെ അറിയിക്കേണ്ടതുണ്ട് ;

(ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ കൺകറന്റ് ഓഡിറ്റർമാരെ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് കൺകറന്റ് ഓഡിറ്റർമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 35 പേർ നിയമിക്കപ്പെട്ടു. വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) 1962-ലെ കേരള സഹകരണ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 2(ബി)യുടെ പ്രൊവിസൊ പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നിലവിലുള്ള റൊഷ്യോയ്ക്ക് മാറ്റം വരുത്താമെന്ന് വ്യവസ്ഥയുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) 2011 മാർച്ച് 31-ന് ഉള്ള വിരമിക്കലിലൂടെ ഉണ്ടാകാവുന്ന ഒഴിവുകൾ കൂടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി&ഇ) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൺകറന്റ് ഓഡിറ്റർ തസ്തിക അനുവദിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ ടി തസ്തികയിലേക്ക് ഓഡിറ്റർമാരെ നിയമിക്കാറുണ്ട്. 2011 ജനുവരി 31 വരെ ലഭിച്ച എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly